**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1618** **01-02-2024 - ൽ മറുപടിയ്ക്ക്**

**കുങ്കിച്ചിറ മ്യൂസിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | മാനന്തവാടി മണ്ഡലത്തിലെ കുങ്കിച്ചിറ മ്യൂസിയം ഉദ്ഘാടന ശേഷം നാളിതുവരെ സന്ദർശിച്ചവരുടെ എണ്ണം വ്യക്തമാക്കാമോ; | (എ) | വയനാട് കുങ്കിച്ചിറ മ്യൂസിയം ഉദ്ഘാടനം നിർവഹിച്ച ശേഷം നാളിതുവരെ 20,870 പേർ ഈ മ്യൂസിയത്തിൽ സന്ദർശനം നടത്തിയിട്ടുണ്ട്. |
| (ബി) | സന്ദർശക ഫീസ് ഇനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | സന്ദർശക ഫീസ് ഈടാക്കി തുടങ്ങിയിട്ടില്ല. വയനാട് കുങ്കിച്ചിറ മ്യൂസിയം സന്ദർശിക്കുന്നവരിൽ ഫീസ് ഏർപ്പെടുത്തി പ്രവേശനം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വയനാട് മേപ്പാടിയിലുള്ള ഗവ. പ്രസ്സിൽ ടിക്കറ്റ് ബുക്കുകൾ അച്ചടിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് വരുന്നു. |
| (സി) | കൂടുതൽ സന്ദർശകരെ ആകർഷിക്കാൻ കഴിയുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ? | (സി) | വയനാട് കുങ്കിച്ചിറ മ്യൂസിയത്തിൽ കൂടുതൽ സന്ദർശകരെ ആകർഷിക്കുന്ന തരത്തിൽ മ്യൂസിയം പരിസരത്തുള്ള ചിറയ്ക്ക് ചുറ്റും കാസ്റ്റ് അയണിൽ തീർത്ത ഗാർഡൻ ബഞ്ചുകൾ സ്ഥാപിക്കുന്നതിനും, മ്യൂസിയത്തിന്റെ മുന്നിലും, ചിറയുടെ ചുറ്റും, പ്രധാന റോഡിലുമായി പൈതൃക മോഡലിൽ തീർത്ത വൈദ്യുതി വിളക്കുകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ